(സി&ഡി) റബ്ബർ വിലയിൽ ഉണ്ടായ ഇടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. ധനകാര്യ വകുപ്പുമന്ത്രിമാരുടെ പങ്കെടുത്ത റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ അവലോകന യോഗത്തിൽ റബ്ബർ കർഷകരുടെ രജിസ്ട്രേഷൻ കാലാവധി ദീർഘിപ്പിക്കുവാനും റബ്ബറിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുവാൻ പബ്ലിക് വർക്ക്സ് ഡിപ്പാർട്ടുമെന്റിനു കീഴിലുള്ള റോഡുകൾ റബ്ബറൈസ് ചെയ്യുന്ന കാര്യം പരിശോധിക്കുവാനും ഇറക്കുമതി നിരക്കിൽ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ മുഖേന RSS IV റബ്ബർ സംഭരിക്കാനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കാനും തീരുമാനം എടുക്കുകയുണ്ടായി.

തെങ്ങുകൃഷി

12(*281) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തെങ്ങുകളുടെ എണ്ണം വളരെയധികം കുറഞ്ഞു വരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ തന്മൂലം സംസ്ഥാനത്തിന്റെ സാമൂഹ്യ, സാമ്പത്തിക, പാരിസ്ഥിതിക മേഖലകളിൽ ഉണ്ടാകാവുന്ന പ്രതികൂല മാറ്റങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തെങ്ങുകൃഷിയിലും വിഭവശേഖരണ, വിപണന മേഖലകളിലുള്ള പ്രശ്നങ്ങളെ കൃഷിക്കാരുമായും തൊഴിലാളികളുമായും ബന്ധപ്പെട്ട്, മനസ്സിലാക്കി പരിഹാരം കാണുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) തെങ്ങുകളുടെ എണ്ണം വളരെയധികം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി വിവര വകുപ്പിന്റെ കണക്കുപ്രകാരം 2009-10 വർഷം തെങ്ങ് കൃഷി വിസ്തൃതി 7,78,976 ഹെക്ടർ ഉണ്ടായിരുന്നത് 2013-14 വർഷമായപ്പോൾ 8,08,647 ഹെക്ടറായി വർദ്ധിച്ചതായി കാണുന്നുണ്ട്. 2014-15 വർഷത്തെ കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാധകമല്ല.

(സി) തെങ്ങു കൃഷിയിൽ കർഷകരും തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടി കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. 2014-15 മുതൽ തെങ്ങു കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള സമഗ്ര നാളികേര കൃഷി വികസന പദ്ധതി തെരഞ്ഞെടുക്കപ്പെട്ട 30 കേരഗ്രാമങ്ങളിൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. കൃഷിക്കാവശ്യമായ വിഭവ ശേഖരണത്തിന് 'കേരഗ്രാമം' പദ്ധതിയിൽ ആനുകൂല്യം നൽകിവരുന്നുണ്ട്. തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക കർമ്മസേനകൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ, പഞ്ചായത്തുകളിലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ കേരഗ്രാമം പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കി വരുന്നു. തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി തെങ്ങുകയറ്റ യന്ത്രം സബ്സിഡി നിരക്കിൽ നൽകി വരുന്നു.

തെങ്ങു കൃഷിയുടെ വിപണന മേഖലയിലെ പ്രധാനപ്പെട്ട പ്രശ്നം നാളികേരത്തിനുണ്ടാകുന്ന വിലയിടിവാണ്. ഇതിനു പരിഹാരമായി സംസ്ഥാന സർക്കാർ പച്ച നാളികേര സംഭരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാന കൃഷി വകുപ്പും കേരഫെഡും സംയുക്തമായി 1-1-2013 മുതൽ ആരംഭിച്ച ടി പദ്ധതി കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കി വരുന്നു. സംഭരിക്കുന്ന നാളികേരത്തിന്റെ വില കർഷകർക്ക് ബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് നൽകുന്നത്. കർഷകരിൽ നിന്നും സംഭരിക്കുന്ന നാളികേരം കേരഫെഡ് ഏറ്റെടുത്ത് കൊപ്രയാക്കി മാറ്റുകയാണ് ചെയ്യുന്നത്. ഇതിനോടകം 371 കൃഷി ഭവനുകൾ വഴി 65680 ടൺ പച്ച നാളികേരം സംഭരിച്ചിട്ടുണ്ട്.

നഗരസഭകളുടെ ഭൂമിയിൽ വരുമാന വർദ്ധനവിന് പദ്ധതി

13 (*282) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ ഭൂമിയിൽനിന്നും വരുമാനം നേടാൻ കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly